# മഹാത്മാഗാന്ധി സർവ്വകലാശാല

നം. എഡി.എ1-1-21/2017 തീയതി, 30.10.2018

## പരിപത്രം

വിഷയം:- പ്രളയ ദുരിതാശ്വാസം - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള വിഭവസമാഹരണം - നിർബന്ധിത പിരിവ് - സംബന്ധിച്ച്.

സൂചന:- (1) ചീഫ് സെക്രട്ടറിയുടെ കുറിപ്പ് നമ്പർ 69/സി.എസ്./2018 തീയതി 15.09.2018
(2) ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ കത്ത് നമ്പർ K3/327/2018/HEDN തീയതി 06.10.2018.

------

2018 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയത്തിൽ സാമ്യതകളില്ലാത്ത ദുരിതത്തിൽ അകപ്പെട്ട കേരളത്തിലെ ജനങ്ങളുടെ ജീവിതം പുനർനിർമ്മിക്കുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് (CMDRF) വിഭവസമാഹരണം നടത്തുവാൻ ആരംഭിച്ചത്. എന്നാൽ, ചില വകുപ്പുകളിലെങ്കിലും ജീവനക്കാരിൽ നിന്നും പൊതുജനങ്ങളിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നിർബന്ധിതമായി പിരിവ് നടത്തുന്നു എന്ന പരാതി ഉയർന്നു വന്നിട്ടുണ്ട്. ഇത്തരത്തിലുള്ള സമീപനം സദുദ്ദേശ്യത്തോടെ ആരംഭിച്ച സർക്കാർ ലക്ഷ്യത്തെ പരാജയപ്പെടുത്തുന്നതാണ് എന്ന് വിലയിരുത്തപ്പെടുന്നു.

പൂർണ്ണമായി സ്വമേധയാ നൽകുന്ന പണമാണ് ഈ ആവശ്യത്തിനായി സ്വരൂപിക്കേണ്ടത്. ആയതിനാൽ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഏതൊരു രീതിയിലുമുള്ള നിർബന്ധിത പിരിവും പാടുള്ളതല്ലെന്ന് മേൽ സൂചനകൾ പ്രകാരം സർക്കാരിൽ നിന്നും അറിയിച്ചിരിക്കുന്നു. ടി നിർദ്ദേശം സർവ്വകലാശാലയിൽ കർശനമായും പാലിക്കേണ്ടതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

ഒപ്പ്
ജോയിന്റ് രജിസ്ട്രാർ I (ഭരണവിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്

1. സെക്ഷനുകൾ/ഡിപ്പാർട്ട്മെന്റുകൾ/സ്കൂളുകൾ/സെന്ററുകൾ
2. വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. ജോയിന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ (ഭരണവിഭാഗം / പരീക്ഷാ വിഭാഗം / അക്കാദമികം / ധനകാര്യം)
5. പബ്ലിക് റിലേഷൻസ് ഓഫീസർ / കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ / ഐ.ക്യു.എ.സി.
6. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി / ഡേ ഫയൽ / നോട്ടീസ് ബോർഡ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ